നം. ഒ&എം1/18394/20216

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് ഭരണ വിഭാഗം
തിരുവനന്തപുരം
തീയതി : 13/01/2021

## സർക്കുലർ

വിഷയം: പൊതുമരാമത്ത് വകുപ്പ്-ജീവനക്കാര്യം - അനധികൃത അവധിയിൽ നിൽക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 04/01/2021 ലെ പൊ.മ.വ-ബി2/16/2020-പൊ.മ.വ നമ്പർ കത്ത്

പൊതുമരാമത്ത് വകുപ്പിൽ നിന്നും വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിലവിൽ ആറ് മാസത്തിൽ കൂടുതൽ ശമ്പളം വാങ്ങാതെ അവധി/ അനധികൃത അവധിയിൽ തുടരുന്ന ജീവനക്കാരുടെയും LWA ൽ തുടർന്ന് വന്നിരുന്നതും എന്നാൽ കാലാവധി അവസാനിച്ചശേഷം തുടർ അവധിയ്ക്കായി അപേക്ഷ സമർപ്പിക്കാത്തവരും ജോലിക്കായി ഹാജരാകാത്തവരുമായ ജീവനക്കാരുടെയും വിശദാംശങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമ പ്രകാരം 2021 ജനുവരി 20 നകം Excel Sheet ൽ ഇ-മെയിൽ മുഖേന സമർപ്പിക്കേണ്ടതാണ്. (capwdtvm@gmail.com) ഇത്തരത്തിൽ അനധികൃതമായി ജോലിയിൽ തുടരുന്ന ജീവനക്കാരെ സർവ്വീസിൽ നിന്നും അടിയന്തിരമായി പിരിച്ചുവിടുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ കൈക്കൊള്ളേണ്ടതിനാൽ അതാത് കാര്യാലയങ്ങളിൽ ജീവനക്കാരുടെ ശമ്പള വിതരണ സോഫ്റ്റ് വെയർ ആയ SPARK കൈകാര്യം ചെയ്യുന്ന ഡി.ഡി.ഒ മാർ ടി വിഷയത്തിൽ പ്രത്യോക ശ്രദ്ധ ചെലുത്തി SPARK പ്രകാരമുള്ള വിശദാംശങ്ങൾ പരിശോധിച്ച് കൃത്യവും, വ്യക്തവുമായ വിവരങ്ങൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ ഉത്തരവാദിത്വവും അതാത് ഡി.ഡി.ഒ മാരിൽ നിക്ഷിപ്തമാവുന്നതാണ്. ഓരോ തസ്തികയ്ക്കും പ്രത്യേകം പ്രത്യേകം ഷീറ്റ് നിർബന്ധമാണ്. ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും ടി പരിപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ കൂടി മാത്രം നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

വകുപ്പിലെ എല്ലാ ഡി.ഡി.ഒ മാർക്കും

| ക്രമ നം | അവധിയിൽ നിൽക്കുന്ന ജീവനക്കാരന്റെ പേര് | പെൻ | തസ്തിക | ഓഫീസ് | SPARK പ്രകാരം അവസാനമായി ശമ്പളം കൈപ്പറ്റിയത് | ഹാജർ പുസ്തകത്തിൽ അവസാനമായി ഹാജർ രേഖപ്പെടുത്തിയത് | ശമ്പളം നല്കാതിരിക്കാനുള്ള കാരണം | ഹാജരാകാത്തതിൽ അവധിക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ | അവധി അപേക്ഷ പ്രകാരം അവധി നൽകിയിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം | മറ്റു കാരണങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

മുകളിലെ പ്രൊഫോർമയിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ് ബാധകമല്ലാത്തത് ബാധമല്ല എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ഡി.ഡി.ഒ :

ഒപ്പ് :

പേര് :

തീയതി :